# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.965** **10.06.2019 ലെ മറുപടി**

## ചെമ്മങ്കടവിൽ റഗുലേറ്റർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടിപ്പുഴക്ക് കുറുകെ ചെമ്മങ്കടവിൽ റഗുലേറ്റർ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) മലപ്പുറം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള സ്രോതസായ കേരള വാട്ടർ അതോറിറ്റിയുടെ നമ്പ്രാണി ചെക്ക് ഡാമിൽ ലീക്ക് ആയതിനാൽ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി ചെമ്മങ്കടവിൽ ഒരു റെഗുലേറ്റർ സ്ഥാപിക്കാനുള്ള പ്രൊപ്പോസലിന്മേൽ മലപ്പുറം മുനിസിപ്പാലിറ്റി അധികൃതരുമായി ചേർന്ന് ജലസേചനവകുപ്പ് സംയുക്ത സ്ഥല പരിശോധന നടത്തുകയുണ്ടായി. അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. |
| (ബി) മലപ്പുറം നിയോജക മണ്ഡലത്തിൽ 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ പ്രവൃത്തികളുടേയും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി വിശദീകരിക്കാമോ? | (ബി) 2018-2019 ബഡ്ജറ്റിലെ മലപ്പുറം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികളും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

SRaj.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ. നം | പ്രവൃത്തിയുടെ പേര് | നിലവിലുള്ള സ്ഥിതിയും പുരോഗതിയും |
|---|---|---|
| 1 | ഹാജിയാർ പള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം | കടലുണ്ടിപ്പുഴയുടെ ഫ്ലഡ് പ്രോൺ ഏരിയാ മാപ്പിംഗിന്റെ സർവ്വെ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ സമർപ്പിക്കുന്നതിന് നടപടിയെടുത്തു വരുന്നു. |
| 2 | കടലുണ്ടിപ്പുഴക്കു കുറുകെ കാട്ടുങ്ങൽ ചെക്ക് ഡാം നിർമ്മാണം | ചെക്ക് ഡാമിന്റെ നിർദ്ദിഷ്ട സ്ഥാനം പ്രായോഗികമല്ലെന്ന് പരിവേഷണ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ IDRB നിർദ്ദേശിച്ചിട്ടുണ്ട്. കടലുണ്ടിപ്പുഴയിലെ നിലവിലെ പദ്ധതികളുടെ സംഭരണശേഷിയുടെയും സ്ഥാനത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ സ്ഥാനം സംബന്ധിച്ച് പ്രായോഗികത പരിശോധിക്കേണ്ടതുണ്ട്. കടലുണ്ടിപ്പുഴയുടെ ഫ്ലഡ് പ്രോൺ ഏരിയാ മാപ്പിംഗിന്റെ സർവ്വെ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ സമർപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു. |
| 3 | കടലുണ്ടിപ്പുഴക്കു കുറുകെ ഏടായിപ്പാലം ചെക്ക് ഡാം നിർമ്മാണം | കടലുണ്ടിപ്പുഴയുടെ ഫ്ലഡ് പ്രോൺ ഏരിയാ മാപ്പിംഗിന്റെ സർവ്വെ പൂർത്തീകരിക്കുന്ന മുറക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ സമർപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു |

SR[signature]

**സെക്ഷൻ ഓഫീസർ**